പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ**

**ചോദ്യം നം.4454** **13.11.2019-ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ സാഹിത്യ അക്കാദമിയിലെ പുസ്തകങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അനിൽ അക്കര | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
| (എ) തൃശ്ശൂർ സാഹിത്യ അക്കാദമിയിൽ സൂക്ഷിച്ചിട്ടുള്ള പുസ്തകങ്ങളുടെ എണ്ണം വെളിപ്പെടുത്തുമോ; | (എ) കേരള സാഹിത്യ അക്കാദമിയിൽ 519 ടൈറ്റിലുകളിലായി 2,87,000 ത്തിൽപരം പുസ്തകങ്ങൾ സൂക്ഷിച്ചിട്ടുണ്ട്. |
| (ബി) കാലപ്പഴക്കം മൂലവും ചിതലരിച്ചും മറ്റും എത്ര പുസ്തകങ്ങൾ നശിച്ചു പോയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) കണക്കാക്കിയിട്ടില്ല. എന്നാൽ അത്തരത്തിൽ വലിയ നാശനഷ്ടങ്ങളൊന്നും നാളിതുവരെ ഉണ്ടായിട്ടില്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) ഒരു വർഷം ശരാശരി എത്ര പുസ്തകങ്ങൾ സാഹിത്യ അക്കാദമിയിൽ അച്ചടിക്കുന്നുണ്ടെന്ന് അറിയിക്കുമോ; | (സി) കഴിഞ്ഞ പത്തു വർഷമായി ഏകദേശം 40 പുസ്തകങ്ങൾ വച്ച് അച്ചടിക്കുന്നു. |
| (ഡി) പുസ്തകങ്ങൾ ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റുന്ന നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; എത്ര പുസ്തകങ്ങൾ ഡിജിറ്റൽ ലൈബ്രറിയിലേയ്ക്ക് മാറ്റിയിട്ടുണ്ടെന്ന് അറിയിക്കാമോ ? | (ഡി) കേരള സാഹിത്യ അക്കാദമിയിൽ പുസ്തകങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്ന പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ 1,000 പുസ്തകങ്ങൾ പൂർത്തീകരിച്ചു. പകർപ്പവകാശത്തിന്റെ പരിധിയിൽ പെടാത്ത 1,200 ഓളം പുസ്തകങ്ങൾ www.keralasahithyaakademi.org/online_library എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. ഇതു വരെ 11,717 പുസ്തകങ്ങൾ സ്കാൻ ചെയ്ത് പി.ഡി.എഫ് രൂപത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ